## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1160

12/07/2016 - ൽ മറുപടിക്ക്.

## വിശാല കൊച്ചി വികസന ഏജൻസിയുടെ ഭൂമി വില്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | വിശാല കൊച്ചി വികസന ഏജൻസി (ജി.സി.ഡി.എ) 2011-2016 കാലയളവിൽ അവരുടെ ഭൂമി വില്പന നടത്തിയിട്ടുണ്ടോ; | (എ) | വില്പന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വില്പനകളെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉയർന്നിട്ടുണ്ടോ; | (ബി) | ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം തയ്യാറാക്കിയ പ്രവർത്തനാവലോകന റിപ്പോർട്ടിൽ സർക്കാർ അനുമതി വാങ്ങാതെ അനധികൃതമായും പ്രദേശവാസികളോട് അന്വേഷിച്ചപ്പോൾ അറിഞ്ഞ മാർക്കറ്റ് വിലയേക്കാളും കുറഞ്ഞ നിരക്കിലുമാണ് വിൽപ്പന നടത്തിയതെന്നും ആയതിലൂടെ വലിയ നഷ്ടം സംഭവിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സമീപനാളിൽ ജി.സി.ഡി.എ, പനമ്പിള്ളി നഗറിൽ സ്വകാര്യ ഏജൻസിക്ക് ഭൂമി വിൽപനയ്ക്ക് തയ്യാറായത് എന്തു വിലയ്ക്കാണ്; | (സി) | പനമ്പിള്ളിനഗർ പാസ്പോർട്ടാഫീസിന് സമീപത്തായി പ്രധാന റോഡിൽ നിന്നും മാറി ടി.പി.കനാലിന് ചേർന്നുള്ളതുമായ 20 സെന്റ് സ്ഥലം സെന്റിന് 15,30,000/- രൂപ എന്ന വിലയ്ക്ക് 25.08.2014 ൽ പരസ്യ ലേലത്തിലൂടെ വില്പന നടത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രദേശത്ത് നിലവിൽ | (ഡി) | പ്രസ്തുത പ്രദേശത്തെ നിലവിലെ ഫെയർ വാല്യൂ ഒരു സെന്റിന് 14,53,846 /-രൂപയാണ് |

ഭൂമിക്ക് എന്തു വിലയുണ്ട്

എന്നറിയാമോ ;

| | | | |
|---|---|---|---|
| (ഇ) | ഭൂമി വിൽപന സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ